പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1123 01/07/2015 - ൽ മറുപടിയ്ക്ക്

**ചോദ്യപേപ്പറിലെ അപാകതകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.കെ.എസ്.സലീഖ | ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) എസ്.എസ്.എൽ.സി പരീക്ഷാ ചോദ്യ പേപ്പറിൽ ചന്ദ്രക്കലയും നക്ഷത്രവും അച്ചടിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) എസ്. എസ്. എൽ. സി. പരീക്ഷാ ചോദ്യ പേപ്പറിന്റെ അവസാനം ചന്ദ്രക്കലയും നക്ഷത്രവും എന്ന സിംബൽ അച്ചടിച്ച വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ചന്ദ്രക്കലയും നക്ഷത്രവും അച്ചടിക്കാൻ പരീക്ഷാ സെക്രട്ടറി മുൻകൂർ അനുമതി നല്കിയിരുന്നോ ; ഇല്ലെങ്കിൽ അപാകത വരുത്തിയവർക്കെതിരെ ശിക്ഷാ നടപടി സ്വീകരിച്ചുവോ ; | (ബി) പരീക്ഷാ സെക്രട്ടറി മുൻകൂർ അനുമതി നൽകിയിട്ടില്ല. ഇതു സംബന്ധിച്ച് ബന്ധപ്പെട്ട പ്രിന്ററിൽ നിന്നും വിശദീകരണം തേടുകയുണ്ടായി. പ്രിന്ററിൽ നിന്നും ലഭിച്ച വിശദീകരണ പ്രകാരം സോഷ്യൽ സയൻസ് ഇംഗ്ലീഷ് മീഡിയം പേപ്പറിന്റെ അവസാനം ചന്ദ്രക്കലയും നക്ഷത്രവും അച്ചടിച്ച വന്നത് മന:പൂർവ്വമോ പ്രത്യേക ലക്ഷ്യമോ വച്ചല്ല. പ്രസ്തുത ചിഹ്നം ഉൾപ്പടെ 19 ചിഹ്നങ്ങൾ പ്രിന്ററുടെ കംപ്യൂട്ടർ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ അഞ്ചാമത്തെ ഫോണ്ടാണ് സോഷ്യൽ സയൻസ് ഇംഗ്ലീഷ് മീഡിയം പേപ്പറിൽ ഉപയോഗിച്ചിരുന്നത്. ഈ ഫോണ്ടു തന്നെയാണ് തുടർന്നു നടന്ന ദിവസങ്ങളിലെ എല്ലാ ഇംഗ്ലീഷ് മീഡിയം ചോദ്യ പേപ്പറുകളിലും ഉപയോഗിച്ചിരുന്നത്. ഈ ഫോണ്ട് തെരഞ്ഞെടുത്തതിനോ, ഉപയോഗിച്ചതിനോ പ്രത്യേക കാരണമോ ലക്ഷ്യമോ ഇല്ലായിരുന്നുവെന്ന് പ്രിന്റർ വ്യക്തമാക്കിയിട്ടുണ്ട്. എല്ലാ ചോദ്യ പേപ്പറിന്റെയും അവസാനം ചോദ്യങ്ങൾ അവസാനിച്ചു എന്നതിന് സൂചനയായി പ്രിന്റർ 19 എണ്ണത്തിൽ നിന്നും ഒരു സിംബൽ ആണ് ചോദ്യപേപ്പറുകൾക്ക് നൽകി വരുന്നത് മേൽ പറഞ്ഞ 19 ചിഹ്നങ്ങളും പ്രിന്റർ തന്നെ തയ്യാറിക്കിയിട്ടുള്ളതാണ്. ഇങ്ങനെ ഒരു ചിഹ്നം ചോദ്യപേപ്പറിന്റെ അവസാനം നൽകണമെന്ന് യാതൊരു നിർദ്ദേശവും പരീക്ഷാഭവനിൽ നിന്നും നൽകിയിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | പത്താം ക്ലാസ്, പ്ലസ്ടു കണക്ക് പരീക്ഷകളുടെ ചോദ്യപേപ്പറുകൾ പ്രയാസമേറിയതായതിനാൽ ലഭിക്കേണ്ട മാർക്ക് ലഭിക്കാതെ വന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പരീക്ഷ പ്രയാസമായതു മൂലം കുട്ടികൾക്ക് ഉണ്ടായ പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചുവോ ; വിശദാംശം ലഭ്യമാക്കുമോ; | (സി) യും (ഡി) യും | കണക്ക് പരീക്ഷകൾ പ്രയാസ മേറിയതായിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ഇത്തരത്തിലുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | | |
| (ഇ) | എത്രപേർ പരീക്ഷാ പേപ്പർ പുനർ നിർണ്ണയത്തിന് അപേക്ഷ നൽകിയെന്നും റിസൾട്ട് എപ്പോൾ പ്രഖ്യാപിക്കുമെന്നും വ്യക്തമാക്കുമോ ; | (ഇ) | 93977 പുനർമൂല്യനിർണ്ണയത്തിന്റെ അപേക്ഷ ലഭിയ്ക്കുകയും മുഴുവൻ പുനർ മൂല്യനിർണ്ണയവും നടത്തി റിസൾട്ട് പരീക്ഷാഭവന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (എഫ്) | റിസൾട്ട് പ്രഖ്യാപനം സംബന്ധിച്ച മറ്റ് പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനു കാരണക്കാരായ ഉദ്യോഗസ്ഥർ ആരെല്ലാമെന്നും ഇവർക്കെതിരെ എന്തു നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ? | (എഫ്) | ശ്രദ്ധയിൽപ്പെട്ടിട്ടുള്ള പരാതികൾക്ക് പരിഹാരം ഉടൻ തന്നെ സ്വീകരിച്ചിട്ടുണ്ട്. ഫല പ്രഖ്യാപനത്തിൽ ഉണ്ടായതായ വീഴ്ചകളെപ്പറ്റി പഠിക്കുവാൻ രൂപികരിച്ച കമ്മിറ്റി അതെപ്പറ്റി പഠിച്ചു വരികയാണ്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിയ്ക്കുന്നതാണ്. |

Sreedevi

സെക്ഷൻ ഓഫീസർ